രേഖകൾ രൂപീകരിക്കുക, പി.ഡബ്ലിയു.ഡി കോഡിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തുക, മരാമത്ത് വകുപ്പിൽ ഗുണനിലവാരം പരിശോധനയ്ക്കായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക, എന്നീ കാര്യങ്ങൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുണ്ട്.

മൈത്രീ ഭവന പദ്ധതിപ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി

22 (*289) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രി ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വായ്പാ സഹായം മുഴുവനായി ലഭിക്കാത്തതിനാൽ വീടുപണി പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ചുള്ള ഭവനനിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി&സി) ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര നഗര വികസന വകുപ്പുമായും ഹഡ്കോയുമായും ഈ സർക്കാർ പല വട്ടം ചർച്ചകൾ നടത്തിയതിന്റെ ഫല മായി ഒരു ഡിഫാൾട്ട് റസലൂഷൻ പാക്കേജ് അംഗീകരിക്കുകയും 2002 സെപ്തംബർ 14-ന് ഹഡ്കോയുമായി ഒരു ധാരണാപത്രം ഒപ്പിടുകയും ചെയ്തു. ഇതിന്റെ ഫലമായി വൻ കുടിശ്ശികക്കാരുടെ ലിസ്റ്റിൽ നിന്നും ബോർഡിന്റെ പേര് മാറ്റുകയും മുതലും പലിശയും അടയ്ക്കുന്നതിന് മൊറട്ടോറിയം ഏർപ്പെടുത്തുകയും തിരിച്ചടവ് ടെലിസ്കോപ്പിക്കായി പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബോർഡിനുള്ള വായ്പാ ധനസഹായം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുവാൻ കഴിഞ്ഞു. ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാതെ മൈത്രീ ഭവന പദ്ധതി പ്രകാരം 36.58 കോടി രൂപ ഗുണഭോക്താക്കൾക്ക് വായ്പാ ഗഡുക്കളായി ബോർഡ് വിതരണം ചെയ്തു. നാളിതുവരെ 21552 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തിവച്ച മൈത്രീ ഭവന പദ്ധതിയിലെ ഒന്നാം ഗഡു വിതരണം 2003 മെയ് മാസത്തിൽ പുനരാരംഭിച്ചുകഴിഞ്ഞു. ഹഡ്കോയിൽ നിന്നും അനുവദിച്ചുകിട്ടിയ 55 കോടി രൂപ കൊണ്ട് ഇനി ശേഷിക്കുന്ന മൈത്രീ ഭവന പദ്ധതി ഉൾപ്പെടെയുള്ള ഏകദേശം 33309 വീടുകളുടെ നിർമ്മാണം വരുന്ന 6 മാസത്തിനകം പൂർത്തിയാക്കുവാനാണ് ബോർഡ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly